# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4526 — 22.07.2015 ന് മറുപടിയ്ക്ക്.

## പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബത്തിന് ധനസഹായം നൽകുന്ന പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപാ വരെയാണ് സഹായധനമായി അനുവദിക്കുന്നതെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. ഏറ്റവും ഒടുവിലായി പരിഷ്കരിച്ച 17.11.2014 ലെ സർക്കാർ ഉത്തരവ് (ജി.ഒ)എം.എസ്.നം.96/2014/വനം പ്രകാരം പാമ്പുകടിയേറ്റ് മരണം സംഭവിച്ചത്, വനത്തിനുള്ളിൽ വച്ചാണെങ്കിൽ ആശ്രിതർക്ക് 5 ലക്ഷം രൂപയും, മരണം സംഭവിച്ചത് വനത്തിനു പുറത്തു വച്ചാണെങ്കിൽ 1 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരത്തുകയായി അനുവദിക്കുന്നത്. |
| (ബി) ഇതുമായി ബന്ധപ്പെട്ട അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും. അതോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ബി) പാമ്പുകടിമൂലം മരണപ്പെട്ടവരുടെ ആശ്രിതർ നഷ്ടപരിഹാരത്തുക ലഭിക്കുന്നതിലേക്കായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അതാതു പ്രദേശങ്ങളിലെ റെയിഞ്ച് ഫോറസ്റ്റാഫീസർക്ക്/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സംഭവം നടന്ന് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ